EARNED LEAVE—VACATION DEPARTMENTS

245. മിസ്റ്റർ എം. കെ. യശ്ശീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഫ്ഫ്ഫ്ഐ വ്യവസായം ഫ്ര്-ാംന്ത-ക്ക ശേഷം സ്ഥിരപ്പെടുത്തിയിട്ടുള്ള വെക്കേഷൻ ഡിസ്പ്പാട്ട്മെണ്ട് ആഫീസേഴ്സിന് എത്രദിവസത്തെ ഏൺഡ് ലീവ് അനുവദിക്കുന്നുണ്ട്;

(ബി) ഫ്ഫ്ഫ്ഐ വ്യവസായം ഫ്ര്-ാംന്ത-ക്കുമുമ്പ സ്ഥിരപ്പെടുത്തിയിട്ടുള്ള മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർക്ക് എത്രദിവസത്തെ പ്രിവിലേജ് ലീവ് അനുവദിക്കുന്നുണ്ട്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ:

(എ) (ഫ) Superior Servants.—

ഡ്യൂട്ടിയിൽ ഇരുന്ന സമയത്തിന്റെ ഫ്ഫ-ൽ ഒരുഭാഗം എന്ന കണക്കിനു ൽ0 ദിവസം വരെ ഇവർക്ക ലീവനുവദിക്കുന്നതാണ്. എന്നാൽ vacation അനുഭവിക്കുന്ന കൊല്ലങ്ങളിൽ ഓരോ കൊല്ലവും ന0 ദിവസം എന്ന കണക്കിനു് ഇവരുടെ ലീവിൽനിന്നും കിഴിവു ചെയ്യുന്നതാണ്.

(പ) Inferior Servants.—

ഡ്യൂട്ടിയിൽ ഇരുന്ന സമയത്തിന്റെ ഫ്ഫ-ൽ ഒരുഭാഗം എന്ന കണക്കിനു് ന0 ദിവസം വരെ ലീവനുവദിക്കുന്നതാണ്. Vacation അനുഭവിക്കുന്ന കൊല്ലങ്ങളിൽ ഓരോ കൊല്ലവും ഫ0 ദിവസം എന്ന കണക്കിനു് ഇവരുടെ ലീവിൽനിന്നും കിഴിവുചെയ്യുന്നതാണ്.

(ബി) ഡ്യൂട്ടിയിൽ ഇരുന്ന സമയത്തിന്റെ പതിനൊന്നിൽ ഒരുഭാഗം എന്ന കണക്കിനു് ഓരോ പ്രാവശ്യവും കൂടിയതു നാലുമാസംവരെ പ്രിവിലേജ് ലീവ് അനുവദിക്കുന്നതാണ്. എന്നാൽ ലീവുസമയത്തു പകുതി ശമ്പളത്തിനു മാത്രമേ ഇവർക്ക അർഹതയുള്ളൂ.

GODOWNS—COMMANDEERING OF

246. Mr. P. A. Mohammed Ashroff *(Cranganur):* Will Government be pleased to state.—

(*a*) how many godowns have been commandeered by the Cochin Government in Mattancheri for the use of the Travancore Government;

(*b*) how many have been vacated by the Travancore Government and handed back to Cochin Government;

(*c*) have the Cochin Government paid anything by way of rent of those godowns ever since they came into possession;

(*d*) if not, what is the object of the Government in not paying the rent though it is one year since those godowns have been commandeered;

(*e*) have the Government received any petition from the owners of those buildings complaining that they have not received the rent of those godowns both from the Cochin and the Travancore Government ever since they have been commandeered;

(*f*) if so, what are the steps taken in the matter?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) 33.

(*b*) 17.

(*c*) Yes. Three out of these are classified under two groups. The rent of one group has been paid till the end of Edavam 1120 and the other till the end of Mithunam 1120. Rent in respect of 11 out of the remaining 14 godowns has been paid. The owners of the remaining three have refused to receive payment on the ground of inadequacy of the rent fixed by the Government.

(*d*) The delay was mainly due to interim correspondence in regard to the apportionment of rent between the two Governments.

(*e*) Yes.

(*f*) At the time when the petitions were received, the rate of rent payable for the godowns occupied by this Government had not been fixed. This was fixed after a good deal of correspondence between the Municipal Commissioner and the Central Depot Officer, Mattancheri and Government sanction has been given. The rent has also been disbursed except in the cases noted in (c).

LIBRARY ARCHIVES Kerala Legislative Assembly

In respect of the godowns occupied by the Travancore Government, the necessity for speedy payment has been impressed upon that Government and intimation has been received from the Travancore Rice Special Officer that orders have been received by him for payment of the rent. The Central Depot Officer, Mattancheri has also been instructed to see that the rent is paid without delay.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: തിരുവിതാംകൂർ ഗവമ്മെണ്ടിന്നു് എല്പിച്ചുകൊടുത്ത ഗോഡൌണുകളിൽ ഏതിന്റെയെങ്കിലും വാടകകൊടുത്തിട്ടുണ്ടൊ?

Mr. P. Govinda Menon *(Minister for Food and Education)*: The Travancore Special Officer has intimated that orders have been received by him for payment of the rent. The Central Depot Officer, Mattancheri, has also been instructed to see that the rent is paid without delay.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വാടകകൊടുത്തിട്ടുണ്ടൊ എന്നാണ് ചോദ്യം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിൽനിന്നു കൊടുത്തിട്ടില്ലെന്നുകാണാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആക്കും കൊടുത്തിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാണു പറഞ്ഞതു്. തിരുവിതാംകൂർ ഗവമ്മെണ്ടു കൊടുക്കാതെയിരിക്കുന്നതിനെക്കുറിച്ചു് എന്നോടു ചോദിക്കരുതെന്നു അപേക്ഷ. ആകുന്ന വേഗത്തിൽ കൊടുക്കാൻവേണ്ട എല്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: തിരുവിതാംകൂർ ഗവമ്മെണ്ടും ഗോഡൌൺ ഉടമസ്ഥന്മാരും തമ്മിലല്ലെ വാടക സംബന്ധിച്ചു ഇടപാടുചെയ്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല. തിരുവിതാംകൂർ ഗവമ്മെണ്ടിന്നുവേണ്ടി കൊച്ചിഗവമ്മെണ്ടു കമാണ്ടിയർ ചെയ്തുകൊടുത്തതാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കൊച്ചി ഗവമ്മെണ്ടു കമാണ്ടിയർ ചെയ്തുകൊടുത്താലും വാടക തിരുവിതാംകൂർ ഗവമ്മെണ്ടും ഗോഡൌൺ ഉടമസ്ഥന്മാരുമായിട്ടല്ലെ നിശ്ചയിക്കുന്നതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: ആദ്യകാലത്തു പാർട്ടികൾ തമ്മിലും പിന്നീടബ്രോക്കർമാർ തമ്മിലുമായിരുന്നു. അവർ അക്രമ വാടക ചുമത്തിയതുകൊണ്ടു കൊച്ചിഗവമ്മെണ്ടു ഇടപെട്ടു വാടകയ്ക്കുടുത്തു കൊടുക്കയാണു ചെയ്തതു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോഴത്തെ എഗ്രിമെണ്ടു പ്രകാരം തിരുവിതാംകൂർ ഗവമ്മെണ്ടൊ കൊച്ചി ഗവമ്മെണ്ടൊ വാടകകൊടുക്കേണ്ടതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: കൊച്ചിഗവമ്മെണ്ടു ആക്കുവേണ്ടി മേടിച്ചുകൊടുത്തുവോ അവരുടെ അടുക്കൽനിന്നു വാടക മേടിച്ചു ഉടമസ്ഥന്മാക്കു കൊടുക്കും.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അങ്ങിനെയാണെങ്കിൽ തിരുവിതാംകൂർ ഗവമ്മെണ്ടിൽനിന്നു തരാത്തപക്ഷം ഇവിടത്തെ ഗവമ്മെണ്ടു കൊടുക്കേണ്ടതല്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: തിരുവിതാംകൂർ ഗവമ്മെണ്ടു തരികയില്ലെന്നു പറയുന്നില്ല. കൂടുതൽ സംഖ്യയുള്ളതുകൊണ്ടു സപ്ളിമെണ്ടറിഗ്രാന്റും മറ്റും പാസ്സാക്കിട്ടുവേണ്ടിവരും. അതായിരിക്കും താമസത്തിനു കാരണം. ഓരോഗവമ്മെണ്ടിനും ഈവക കാര്യങ്ങളിൽ കുറെയൊക്കെ താമസംവരും. ഏതായാലും ഇനി അധികം താമസംവരാതെയിരിക്കാൻ വേണ്ട എർപ്പാടു ചെയ്തിട്ടുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: തിരുവിതാംകൂർ ഗവമ്മെണ്ടിൽനിന്നു കിട്ടുമ്പോൾ മേടിക്കാം. അതിനുമുമ്പു കൊച്ചിഗവമ്മെണ്ടിൽനിന്നു ഉടമസ്ഥന്മാക്കു കൊടുക്കാനുള്ളതു കൊടുക്കരുതോ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതിനുമുമ്പു കൊടുക്കണമെന്നാണെങ്കിൽ കൊച്ചി ഗവമ്മെണ്ടുകൊടുക്കും.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ ഗോഡൌൺ എടുത്തിട്ടു എത്രനാളായി?

മിസ്റ്റർ എം. ശിവരാമമേനോൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കൊച്ചീഗവമ്മെണ്ടു വാടകയ്ക്കുടുത്തതിൽ വാടക കൊടുക്കാതെയുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിന്റെ ഉത്തരം ഇവിടെ വായിച്ചിട്ടുണ്ടു്. അതിൽ തക്കംമൂലം ചിലർ സംഖ്യ മേടിക്കാതെയുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തക്കം വന്നാൽ അതു തീക്കേണ്ട ചുമതല ഗവമ്മെണ്ടിനു് ഇല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു വാടക നിശ്ചയിച്ചു. അവരിനി സംഖ്യ മേടിക്കേണ്ടതേയുള്ളു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: തക്കംവന്നാൽ റെണ്ടു് കൺട്രോളറുടെ വിധിയല്ലെ അവസാന തീരുമാനം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കാര്യത്തിൽ അങ്ങിനെയാണൊ എന്നറിയുകയുല്ല.

Mr. A. Eachara Menon (*Chittur-Tattamangalam*): When was this order to see that the rent should be paid without delay, passed?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡേയിറ്റു് പറയണമെങ്കിൽ നോട്ടീസ്സു് വേണം.

മിസ്റ്റർ പി. കെ. ഡീവർ: ഈ വാടക ഫെയറാണൊ എന്നു തീരുമാനിക്കുന്നതാരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മുനിസിപ്പൽ കമ്മീഷണരും ഡെപ്യൂട്ടി ഡെപ്യൂട്ടി ആഫീസരും മറ്റും കൂടിയാണു തീരുമാനിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെ തീർച്ചയാക്കിയ വാടക ആരെങ്കിലും Refuse ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സി. എന്നു ഉത്തരത്തിൽ മുന്നു അക്ഷരം എന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കൂടുതൽറെന്റു് കിട്ടാൻ വേണ്ടിയല്ലെ അവർ സംഖ്യ മേടിക്കാതെയിരിക്കുന്നതു്? അതു വാങ്ങിക്കണമെന്നു അവരെ നിർബ്ബന്ധിക്കാൻ ഗവമ്മെണ്ടിനധികാരമില്ലെ? അങ്ങിനെവാങ്ങിയില്ലെങ്കിൽ ആ കുറ്റത്തിനു ശിക്ഷയായി സംഖ്യ ഗവമ്മെണ്ടിലേയ്ക്കു മുതൽകൂട്ടരുതെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ വാടകവെണമെന്നു പറയുന്നതു് വെറും ആഗ്രഹം മാത്രമാണു്. ബഹുമാനപ്പെട്ട മെമ്പറുടെ സജഷൻ സ്വീകരിക്കണമെങ്കിൽ ആഗ്രഹം കുറുകരമാക്കണം.

മിസ്റ്റർ പി. കെ. ഡീവർ: ആഗ്രഹമല്ല. പോരാ എന്നല്ലെ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോരാ എന്നുള്ളതു ആഗ്രഹമാണു്. ആ ആഗ്രഹം കുറുകരമാക്കിയാലേ നടപടി എടുക്കാൻ പാടുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്ര സംഖ്യ വരും, വാങ്ങാത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൪൦,൦൦൦ രൂപയുണ്ടു്.

മിസ്റ്റർ എം ഒ. തോമക്കുട്ടി: അവർ മേടിച്ചുകൊണ്ടുപോയില്ലെങ്കിൽ അതിനുള്ള നിവൃത്തിമാർഗ്ഗം ഉണ്ടാക്കരുതെ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻടിമേഷൻ കൊടുത്തിട്ടുണ്ടു്.

WAITING SHED AT KANJANI

247. മിസ്റ്റർ ടി. കെ. എൽ കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് മറുപടി പറയാമോ.—

(എ) കാഞ്ഞാണിയിൽ ബസ്സുയാത്രക്കാരുടെ അവശ്യാർത്ഥം ഒരു വെയിറ്റിംഗ് ഷെഡ്ഡു് പണി കഴിപ്പിക്കുന്നതിനു ഏതുമാസത്തിൽ ആണു് സംഖ്യ അനുവദിച്ചിട്ടുള്ളതു്;

(ബി) ഇതേവരെ വെയിറ്റിംഗ് ഷെഡ്ഡിന്റെ പണി ആരംഭിക്കാത്തതു് എന്തുകൊണ്ടാണു്;

(സി) ഈ കൊല്ലം ആയതു് പണിയുന്നതിനു് ഉദ്ദേശിച്ചിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ.

(എ) ൧൯൫൪ ഏപ്രിൽ മാസത്തിൽ.

(ബി) വെയിറ്റിംഗ് ഷെഡ്ഡു് പണിയേണ്ടതായ സ്ഥലം തിരഞ്ഞെടുക്കുന്നതിൽ കാലതാമസം നേരിട്ടതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly